അബ്ദുല്ലത്വീഫ് കൊടുവള്ളി

# ഭൂമിയുള്ളവർ കൃഷി ചെയ്യണം



**കേരളത്തിലെ** മനുഷ്യർ വിഷലിപ്തമായ ഭക്ഷ്യപേയങ്ങൾ അകത്താക്കിക്കൊണ്ടിരുന്നിട്ടും കാർഷിക-പാരിസ്ഥിതിക രംഗത്ത് മതപരമായിത്തന്നെ ഇടപെടേണ്ടതുണ്ടായിട്ടും ഒരുതരം നിസ്സംഗതയാണ് പൊതുവെ മുസ്‌ലിംകളിൽ കാണുന്നത്. സ്കൂൾ വിദ്യാർഥികളും പരിസ്ഥിതി പ്രവർത്തകരും അയൽക്കൂട്ടങ്ങളും സഹകരണസംഘങ്ങളും സ്വയം പ്രേരിതരായി വിത്തിറക്കി വിള കൊയ്യുന്നത് നാം കാണുന്നുണ്ട്. അത്തരത്തിൽ കാലികമായി ഇടപെടേണ്ടതുണ്ടെന്ന ബോധം എന്നിട്ടും നമുക്ക് ഉണ്ടാകുന്നില്ല. ഭൗതികമായി മാത്രമല്ല ആത്മീയമായും കാർഷിക വൃത്തിയിലേർപ്പെടാൻ ബാധ്യസ്ഥരാണ് മുസ്‌ലിംകൾ എന്ന കാര്യം മറക്കുന്നു.

ജീവജാലങ്ങളുടെ നിലനിൽപിന്നാധാരമാണ് ഭൂമി. ആഹാര പാനീയങ്ങളുടെ സ്രോതസ്സ് എന്ന നിലയിൽ ഭൂമിയുടെ ധർമങ്ങൾ ഖുർആനിൽ നീളെ കാണാം. "ഭൂമിയെ അവൻ സൃഷ്ടികൾക്കായി സംവിധാനിച്ചു. അതിൽധാരാളം പഴമുണ്ട്, കൊതുമ്പുള്ള ഈത്തപ്പനകളും. വൈക്കോലോടുകൂടിയ ധാന്യങ്ങളും സുഗന്ധച്ചെടികളുമുണ്ട്" (*അർറഹ്മാൻ* 10-12) പ്രപഞ്ചത്തിലെ ഓരോ വസ്തുവിനും അതിന്റേതായ ധർമമുണ്ട്. ആ ധർമം നിർവഹിക്കാൻ അവയെ മനുഷ്യൻ സഹായിക്കേണ്ടതുണ്ട്. "ഭൂമിയെ സംസ്കരിച്ചു കഴിഞ്ഞശേഷം നിങ്ങൾ അതിൽ കുഴപ്പങ്ങളുണ്ടാക്കരുതെ"ന്ന ഖുർആനിക ഉൽബോധനത്തിന് ബഹുമുഖ മാനങ്ങളുണ്ട്. ഭൂമിയുടെ പരിപാലനവും അതിനു സഹായകമായ കാർഷിക നിലപാടുകളും പ്രസക്തമാകുന്നത് ഇവിടെയാണ്.

അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചും താനുൾപ്പെടെയുള്ള

**'മരം മുറിച്ചാൽ തൽസ്ഥാനത്ത് മറ്റൊരു മരം നടണ'മെന്ന് നിർദേശിച്ച നബി കൃഷിയെയും മരം വെച്ചുപിടിപ്പിക്കലിനെയും പ്രോത്സാഹിപ്പിക്കുകയായിരുന്നു. ഇലന്ത പോലുള്ള മരങ്ങൾ അത്യാവശ്യത്തിനല്ലാതെ മുറിക്കരുതെന്ന പ്രവാചകന്റെ നിർദേശവും, ഇലന്തയുടെ സംരക്ഷണത്തിനായി ഉമർ(റ) ജീവനക്കാരെ നിശ്ചയിച്ചിരുന്നതും ശ്രദ്ധേയമാണ്. കാർഷിക രംഗത്ത് തനതു സംസ്കാരം വളർത്തിയെടുക്കാൻ നബിക്ക് കഴിഞ്ഞു എന്ന് വ്യക്തമാക്കുന്ന ഒട്ടേറെ സംഭവങ്ങൾ ഇസ്‌ലാമിക ചരിത്രത്തിൽ കാണാം.**

ജീവജാലങ്ങളുടെ നിലനിൽപിന്നാധാരമായ ആഹാരം പ്രതീക്ഷിച്ചും സത്യവിശ്വാസികൾ നടത്തുന്ന കാർഷികവൃത്തി, ഒരേസമയം ആത്മീയവും സാംസ്കാരികവും ഭൗതികവുമായ ഇടപെടലാണ്. കർഷകരെ 'അല്ലാഹുവിന്റെ തൊഴിലാളി'കളായി വിശേഷിപ്പിച്ചുകൊണ്ടുള്ള ചില സ്വഹാബികളുടെ പ്രയോഗം, കാർഷിക വൃത്തിയുടെ ആത്മീയ-ഭൗതിക മാനങ്ങൾ പ്രതിഫലിപ്പിക്കുന്നു. ഈ മേഖലയിൽ നബി(സ) നടത്തിയ ഇടപെടലുകളും ഖലീഫമാരുടെ തുടർനടപടികളും നൂറ്റാണ്ടുകളിലൂടെ മുസ്‌ലിം ഭരണകർത്താക്കൾ നടപ്പിലാക്കിയ കാർഷിക പരിഷ്കരണങ്ങളും മതപാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി തലമുറകൾക്ക് കൈമാറേണ്ടതുണ്ട്. ജുമുഅ ഖുത്വ്ബകളും മറ്റും വിശ്വാസികളെ സർഗാത്മകവും സൃഷ്ടിപരവുമായ കർമങ്ങൾക്ക് പ്രേരിപ്പിക്കുന്ന തരത്തിലാവണം. പള്ളി മിമ്പറുകളിൽ ഏറ്റവും കൂടുതൽ മുഴങ്ങുന്ന ആഹ്വാനം ദാനധർമങ്ങളെക്കുറിച്ചാണ്. സമ്പാദിക്കേണ്ടതിന്റെ പ്രാധാന്യം, രീതി, സാമ്പത്തിക സംരംഭങ്ങൾ പടുത്തുയർത്താനുള്ള മാർഗരേഖകൾ തുടങ്ങിയവ പൊതുവെ ചർച്ചയാവാറില്ല. ചെലവഴിക്കണമെങ്കിൽ ആദ്യം സമ്പാദിക്കണ്ടേ? "നിങ്ങൾ സമ്പാദിച്ചതിൽനിന്ന് ചെലവഴിക്കുക" എന്ന ഖുർആനികാഹ്വാനത്തിൽ ആദ്യം സമ്പാദ്യത്തെയാണ് പരാമർശിക്കുന്നത്. മുസ്‌ലിംകൾ സമ്പാദിക്കുകയും സാമ്പത്തിക സംരംഭങ്ങൾ നടത്തുകയും ചെയ്യുന്നില്ലേ എന്ന് ചോദിക്കാം. വ്യക്തികൾ ഏറ്റെടുക്കുന്ന സംരംഭമാണ് അവയിലേറെയും. സമുദായ നേതൃത്വമോ പണ്ഡിതന്മാരോ ഇക്കാര്യത്തിൽ മുസ്‌ലിംകളെ ബോധവൽക്കരിക്കുന്നതിലോ ആവശ്യമായ മാർഗനിർദേശം നൽകുന്നതിലോ ശ്രദ്ധിക്കാറില്ല.

സാക്ഷാൽ കൃഷിയും പരലോകത്തേക്കുള്ള കൃഷികളിൽ ഒന്നാണെന്ന തിരിച്ചറിവാണ് സമൂഹത്തിന് പകർന്നു കിട്ടേണ്ടത്. അങ്ങനെ കൃഷി സമൂഹത്തിന്റെ സംസ്കാരമായിത്തീരണം.

പലവിധ ദുരുപയോഗങ്ങളാൽ ചത്തുകൊണ്ടേയിരിക്കുന്ന ഭൂമിയുടെ ജീവനൊടുങ്ങാതിരിക്കാൻ മറ്റാരെക്കാളും ജാഗ്രത പുലർത്തേണ്ടത് സത്യവിശ്വാസികളാണ്. "അവൻ (അല്ലാഹു) ഭൂമിയിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതിന്റെ പരിപാലനച്ചുമതല ഏൽപിച്ച് നിങ്ങളെ അധിവസിപ്പിക്കുകയും ചെയ്തു" (*ഹൂദ്* 61) എന്ന പ്രസ്താവന മൊത്തം മനുഷ്യരോടാണെങ്കിലും അത് പ്രായോഗികമായി ഏറ്റെടുക്കേണ്ടത് വിശ്വാസി സമൂഹമാണ്. കൃഷി ചെയ്യുക എന്നതുപോലെ പ്രധാനമാണ് വിളകൊയ്യുന്നതുവരെ അതിനെ പരിരക്ഷിക്കലുമെന്ന നബിവചനം ഏത് സൽക്കർമവും ലക്ഷ്യത്തിലെത്താൻ ശ്രദ്ധിക്കണമെന്ന സന്ദേശമാണ് നൽകുന്നത്. ദുൻയാവിൽ ഫലം ലഭിക്കുന്ന സൽക്കർമമായി മാത്രമല്ല, പരലോകത്ത് തുടർ ഫലം നൽകുന്ന പുണ്യമായും നബി(സ) കൃഷിയെ പ്രത്യേകം എടുത്തു പറയുകയുണ്ടായി. ഇത് കാർഷിക മേഖലക്ക് ഒരു ആത്മീയ പരിവേഷം നൽകുന്നു. ഒരു വൃക്ഷത്തൈ

**സമ്പാദിക്കേണ്ടതിന്റെ പ്രാധാന്യം, രീതി, സാമ്പത്തിക സംരംഭങ്ങൾ പടുത്തുയർത്താനുള്ള മാർഗരേഖകൾ തുടങ്ങിയവ പൊതുവെ ചർച്ചയാവാറില്ല. ചെലവഴിക്കണമെങ്കിൽ ആദ്യം സമ്പാദിക്കണ്ടേ? "നിങ്ങൾ സമ്പാദിച്ചതിൽനിന്ന് ചെലവഴിക്കുക" എന്ന ഖുർആനികാഹ്വാനത്തിൽ ആദ്യം സമ്പാദ്യത്തെയാണ് പരാമർശിക്കുന്നത്. സമുദായ നേതൃത്വമോ പണ്ഡിതന്മാരോ ഇക്കാര്യത്തിൽ മുസ്‌ലിംകളെ ബോധവൽക്കരിക്കുന്നതിലോ ആവശ്യമായ മാർഗനിർദേശം നൽകുന്നതിലോ ശ്രദ്ധിക്കാറില്ല.**

●

നടാൻ പോവുമ്പോഴാണ് പ്രപഞ്ചത്തിന്റെ അന്ത്യം സംഭവിക്കുന്നതെങ്കിൽപോലും, തൈ നട്ടിരിക്കണമെന്ന പ്രവാചകന്റെ ആഹ്വാനത്തെ വെല്ലുന്ന ഒരു പാരിസ്ഥിതിക മുദ്രാവാക്യമുണ്ടോ?

തൊഴിലെന്ന നിലയിൽ മുഖ്യമായും വ്യാപാരത്തെ ആശ്രയിച്ചിരുന്ന അറബികളിൽ ശാരീരികാധ്വാനത്തെ പ്രോത്സാഹിപ്പിക്കുന്ന കൃഷിക്ക് മാന്യമായ സ്ഥാനം നേടിക്കൊടുക്കുകയാണ് ഇസ്‌ലാം ചെയ്തത്. നബി(സ) മകൻ ഇബ്‌റാഹീമിനെ കൊല്ലപ്പണിക്കാരന്റെ ഭാര്യയെക്കൊണ്ട് മുലയൂട്ടിയതും, നബി(സ) ഒരു തുന്നൽക്കാരന്റെ ആതിഥ്യം സ്വീകരിച്ചതും, ഒരു തൊഴിലാളി സഹാവിന്റെ തഴമ്പുള്ള കൈപിടിച്ച് ചുംബിച്ചതുമെല്ലാം തൊഴിലാളികളെ പൊതുവെ അവമതിച്ചു കണ്ടിരുന്ന അറബികൾക്ക് പുതിയ പാഠങ്ങൾ നൽകി. കൈകൊണ്ടുള്ള അധ്വാനം, അല്ലാഹുവിൽ ഭരമേൽപിക്കൽ, ജീവജാലങ്ങൾക്ക് ലഭിക്കുന്ന പ്രയോജനം തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കുമ്പോൾ കൃഷിയാണ് ഏറ്റവും നല്ല തൊഴിലെന്ന് താൻ മനസ്സിലാക്കുന്നതായി ഇമാം നവവി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇസ്‌ലാമിക ചരിത്രത്തിൽ എക്കാലവും കൃഷിക്ക് മുന്തിയ പരിഗണന ലഭിച്ചിരുന്നു. ജലസേചന സംവിധാനങ്ങളൊരുക്കിയും തരിശു ഭൂമി കൃഷിയോഗ്യമാക്കിയും അവർ മാതൃക കാട്ടി. ഒന്നൊന്നായി സൈനിക വിജയങ്ങളുണ്ടായപ്പോഴും ഭൂമിയുടെ കാർഷിക പ്രഭാവം അവഗണിക്കപ്പെട്ടില്ല. മുഹാജിറുകൾ കച്ചവടക്കാരും അൻസ്വാറുകൾ കർഷകരുമായിരുന്നു. മക്കയിൽ എല്ലാം വിട്ടേച്ചു പോരേണ്ടിവന്ന മുസ്‌ലിംകൾ കച്ചവടത്തോടൊപ്പം അൻസ്വാറുകളുമായി കൃഷിയിൽ പങ്കാളികളായി. കുറഞ്ഞ കാലം കൊണ്ട് മുസ്‌ലിംകൾ സ്വയംപര്യാപ്തരായി. മദീനയിൽ ഫലഭൂയിഷ്ഠമായ മണ്ണായിരുന്നു. നീർച്ചോലകൾ ഒഴുകുന്ന താഴ്‌വരകൾ അതിനെ ജല സമ്പന്നമാക്കി. ഇത് മദീനയെ കൃഷിയുടെയും നഗരമാക്കി. മുതിർന്നവരും കുട്ടികളും കാർഷിക വൃത്തിയിൽ വ്യാപൃതരായിരുന്നു. സ്വന്തമായി ഭൂമിയില്ലാത്തവർ 'തൊഴിലിനു കൂലി ഈത്തപ്പഴം' എന്ന വ്യവസ്ഥയിൽ അന്യരുടെ തോട്ടങ്ങളിൽ ജോലി ചെയ്തു. ചില തോട്ടമുടമകൾ വിളവുകളുടെ മൂന്നിലൊന്ന്, നാലിലൊന്ന്, പകുതി എന്നീ വ്യവസ്ഥകളിൽ കൃഷി ചെയ്യാനായി ഭൂമി കർഷകർക്ക് വിട്ടുകൊടുത്തു. മദീനയുടെ കാർഷിക പുരോഗതിയിൽ അൻസ്വാറുകളും മുഹാജിറുകളും മാത്രമല്ല, സിറിയ, ഈജിപ്ത്, റോം, ഇറാഖ് മുതലായ രാജ്യങ്ങളിലെ മുസ്‌ലിംകളും പങ്കാളികളായി.

'മരം മുറിച്ചാൽ തൽസ്ഥാനത്ത് മറ്റൊരു മരം നടണ'മെന്ന് നിർദേശിച്ച നബി കൃഷിയെയും മരം വെച്ചുപിടിപ്പിക്കലിനെയും പ്രോത്സാഹിപ്പിക്കുകയായിരുന്നു. ഇലന്തപോലുള്ള മരങ്ങൾ അത്യാവശ്യത്തിന്നായല്ലാതെ മുറിക്കരുതെന്ന പ്രവാചകന്റെ നിർദേശവും ഇലന്തയുടെ സംരക്ഷണത്തിനായി ഉമർ(റ) ജീവനക്കാരെ നിശ്ചയിച്ചിരുന്നതും ശ്രദ്ധേയമാണ്. കാർഷിക രംഗത്ത് തനതു സംസ്കാരം വളർത്തിയെടുക്കാൻ നബിക്ക് കഴിഞ്ഞു എന്ന് വ്യക്തമാക്കുന്ന

ഒട്ടേറെ സംഭവങ്ങൾ ഇസ്‌ലാമിക ചരിത്രത്തിൽ കാണാം. പ്രാർഥനാപൂർവം തൈ നടുക, പ്രതീക്ഷാപൂർവം വിളവ് കാത്തിരിക്കുക, വിളവുണ്ടായാൽ പ്രാർഥനാപൂർവം ഭക്ഷിക്കുക, വിളവ് കുറയുകയോ നശിക്കുകയോ ചെയ്താൽ അല്ലാഹുവിന്റെ വിധിയിൽ ക്ഷമിക്കുക, വീണ്ടും പ്രതീക്ഷാപൂർവം കൃഷി ചെയ്യുക - ഇതെല്ലാം ഇസ്‌ലാമിന്റെ കാർഷിക സംസ്കാരത്തിൽ പെടുന്നു.

ആദ്യ വിളവുണ്ടാവുമ്പോൾ സ്വഹാബികൾ അത് പറിച്ചെടുത്ത് നബിയുടെ അടുത്ത് കൊണ്ടുവന്നിരുന്നു. നബി അതെടുത്ത് 'അല്ലാഹുവേ, ഈ മരത്തിൽ നിന്ന് ഈ കന്നിക്കായ ഞങ്ങൾക്കു കാണിച്ചു തന്നതുപോലെ, ഇതിലെ അവസാനത്തെ കായയും ഞങ്ങൾക്ക് കാണിച്ചു തരേണമേ' എന്നു പ്രാർഥിച്ച ശേഷം അടുത്തുള്ള കുട്ടികൾക്ക് അത് നൽകിയിരുന്നു. എത്ര ഉദാത്തമായ സമീപനം! വൃദ്ധനായ താൻ ഇനി എന്തിനു കൃഷി ചെയ്യണം എന്ന് ചോദിച്ച ഖുസൈമത്ത്ബ്നു സാബിതിന്റെ കൈപിടിച്ച് ഉമർ(റ) തൈ നടീക്കുകയുണ്ടായി. നബി (സ) കാർഷികാവശ്യത്തിനായി പതിച്ചു നൽകിയ ഭൂമി ചിലയാളുകൾ തരിശിട്ടപ്പോൾ എല്ലാ പ്രതിഷേധങ്ങളും അവഗണിച്ച് ഉമർ അത് തിരിച്ചു വാങ്ങുകയുണ്ടായി. (വിശദപഠനത്തിന് ഐ.പി.എച്ച് *ഇസ്‌ലാമിക വിജ്ഞാന കോശ*ത്തിലെ 'കൃഷി ഇസ്‌ലാമിൽ' എന്ന ഭാഗം കാണുക. ഭാ: 8).

കാർഷിക ബോധവത്കരണത്തിന് മുൻകൈയെടുക്കേണ്ടത് ഇസ്‌ലാമിക പ്രസ്ഥാനമാണ്. ദഅ്‌വത്ത്, ഇസ്‌ലാഹ്, ജനസേവനം മുതലായ മുഖ്യ അജണ്ടകൾക്ക് സഹായകമായ വിധത്തിൽ ജനകീയ കാർഷിക മുന്നേറ്റത്തിന് സംരംഭങ്ങളുണ്ടാവണം. ജീവിതത്തിന്റെ ഏതു മേഖലയിൽ പ്രവർത്തിക്കുന്നവരും നിശ്ചിത സമയമെങ്കിലും പറമ്പിലും പാടത്തും തന്നാൽ കഴിവത് അധ്വാനിക്കാൻ ശ്രമിക്കുന്ന സംസ്കാരം വളർത്തിയെടുക്കണം. നാട്ടിലെയും മറുനാട്ടിലെയും ഉദാരമതികളുടെ സഹായത്താൽ നടത്തപ്പെടുന്ന സ്ഥാപനങ്ങളുടെ ഭാരവാഹികൾ തങ്ങളുടെ വിദ്യാർഥികളെ ഉപയോഗിച്ച് സാധ്യമാകുന്ന കാർഷിക പ്രവർത്തനങ്ങൾ നടത്തണം. 'വഖ്ഫ്' ഭൂമി എന്നാൽ 'എല്ലാ ജൈവധർമവും നിറുത്തിവെക്കപ്പെട്ട ഭൂമി' എന്നാണ് ഇപ്പോൾ അർഥം. അതിനുമാറ്റം വരണം. പരിസ്ഥിതി ബോധവൽക്കരണത്തിന്റെ ആദ്യപാഠം തൂമ്പയെടുത്തുള്ള ക്രിയാത്മക ഇടപെടലാണ്. 'ഭൂമിയുള്ളവർ കൃഷി ചെയ്തിരിക്കണം' (ബുഖാരി) എന്നാണ് നബിയുടെ കൽപന. നമ്മുടെ ഭക്ഷ്യരംഗത്തെ പ്രശ്നങ്ങൾ പരിഹൃതമാവാൻ ഈ കൽപന നടപ്പിലാക്കുകയേ വേണ്ടൂ. ഈ കൽപന ഒരു സാംസ്കാരികാനുഷ്ഠാനമായി ശീലിക്കാൻ തയാറുണ്ടോ എന്നതാണ് ചോദ്യം.

**വാൽക്കഷ്ണം:** ഇമാം ഗസ്സാലി (മരണം ഹി. 505). സച്ചരിതനായ ഒരാളെ പറ്റി കേട്ട് അദ്ദേഹത്തെ കാണാനായി ചെന്നു. വയലിൽ ഗോതമ്പ് വിതയ്ക്കുകയായിരുന്ന അയാൾ വിത്തുമുറം നിലത്തുവെച്ച് ഗസ്സാലിയെ എതിരേൽക്കാനായി ചെന്നു. ഇതു കണ്ട മറ്റൊരാൾ മുറമെടുത്ത് വിതയ്ക്കാൻ തുടങ്ങി. കർഷകൻ അയാളെ വിലക്കിയിട്ട് മുറം വാങ്ങിവെച്ചു. ഗസ്സാലി ചോദിച്ചു: "നാം സംസാരിച്ചു തീരുംവരെ അദ്ദേഹം വിത്തു വിതച്ചോട്ടെ. നിങ്ങൾക്ക് അത് ആശ്വാസമല്ലേ?" കർഷകൻ: "ശരിയാണ്. പക്ഷേ, ഞാൻ ഗോതമ്പ് വിതയ്ക്കുന്നത് പ്രാർഥനാ നിർഭരമായ മനസ്സോടെയും ദിക്റ് ചൊല്ലുന്ന നാവോടെയുമാണ്. അദ്ദേഹത്തിന് അങ്ങനെ വിതയ്ക്കാൻ പറ്റിക്കൊള്ളണമെന്നില്ല." ■